**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആന്റ് ഡവലപ്പ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ്**

**(കിർടാഡ്സ്), കോഴിക്കോട് – 17**

# 2016 – 2017 വർഷത്തെ ഭരണ റിപ്പോർട്ട്

| | |
|---|---|
| വകുപ്പ് മന്ത്രി | : ശ്രീ. എ കെ ബാലൻ (പട്ടികജാതി, പട്ടികവർഗ്ഗ പിന്നാക്കക്ഷേമ, നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ്) |
| വകുപ്പ് സെക്രട്ടറി | : ഡോ വേണു വി. ഐ.എ.എസ് (പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്) |
| ഡയറക്ടർ | : ഡോ. ബിന്ദു.എസ് |
| ഡയറക്ടർ i/c | : ഡോ. പി. പുഗഴേന്തി ഐ.എഫ്.എസ് (01.12.2016 മുതൽ 31.01.2017വരെ) |
| ഡെപ്യൂട്ടി ഡയറക്ടർ (ആന്ത്രോപ്പോളജി ) i/c | : ഡോ. പ്രദീപ്കുമാർ. കെ.എസ് (8.04.2016 മുതൽ 07.10.2016 വരെ) |
| | : ശ്രീ. സജിത് കുമാർ എസ്.വി (08.10.2016 മുതൽ) |
| ഡെപ്യൂട്ടി ഡയറക്ടർ (ട്രെയിനിംഗ്) | : ഡോ. പ്രദീപ്കുമാർ. കെ.എസ് |
| ഡെപ്യൂട്ടി ഡയറക്ടർ (ഡെവലപ്മെന്റ് സ്റ്റഡീസ്) i/c | : ശ്രീ. സുഭാഷ് വി.എസ് (17.05.2016 മുതൽ 17.10.2016 വരെ) |
| | : മിനി. പി.വി (18.10.2016 മുതൽ) |
| സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ | : ശ്രീ. രാധാകൃഷ്ണൻ ടി.കെ (03.06.2015 മുതൽ 13.06.2016 വരെ) |
| | : ശ്രീ. ശരത്ചന്ദ്രൻ സി.എസ് (20.06.2016 മുതൽ 20.03.2017 വരെ) |
| അഡ്മിനിസ്ട്രേറ്റീവ് ആഫീസർ i/c | : ശ്രീ. രാജൻ എം.കെ (21.03.2017മുതൽ) |
| ഫിനാൻസ് ആഫീസർ | : ശ്രീ. രാജൻ എം.കെ (18.08.2016 മുതൽ) |

***

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആന്റ് ഡവലപ്പ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ്**

**(കിർടാഡ്സ്, കോഴിക്കോട് -17)**

**2016-17 വർഷത്തെ ഭരണ റിപ്പോർട്ട്**

# 1. ആമുഖം

സർക്കാർ ഉത്തരവ് (എം.എസ്) 44/എൽ ആന്റ് എസ്.ഡബ്ല്യൂ.ഡി.,1970 മാർച്ച് 7 –ാം തീയതി, തൊഴിൽ സാമൂഹ്യക്ഷേമ (സി) വകുപ്പ് പ്രകാരം ഹരിജനക്ഷേമ വകുപ്പിന്റെ കീഴിൽ 1970 മാർച്ച് മാസത്തിൽ ട്രൈബൽ റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ എന്ന പേരിൽ ഈ സ്ഥാപനം രൂപീകരിക്കപ്പെട്ടു. തുടക്കത്തിൽ ഈ സ്ഥാപനത്തിന് ട്രെയിനിംഗ്, റിസർച്ച് എന്നീ രണ്ട് വിഭാഗങ്ങൾ ആണ് ഉണ്ടായിരുന്നത്. പിന്നീട് ഗിരിജനക്ഷേമ വകുപ്പിന്റെ രൂപീകരണത്തോട് കൂടി 1979 ഒക്ടോബർ ആദ്യം വരെ ഗിരിജന ക്ഷേമവകുപ്പിന്റെ ഭാഗമായും പ്രവർത്തിച്ചു. 1979 ഒക്ടോബറിൽ ഗവൺമെന്റ് ഉത്തരവ് (എം.എസ്) നം. 135/79/ഡി.ഡി, തീയതി 23.10.1979 പ്രകാരം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച്, ട്രെയിനിംഗ് ആന്റ് ഡവലപ്പ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് (കിർടാഡ്സ്) എന്ന പേരിൽ ഒരു പ്രത്യേക വകുപ്പായി പുന:സംഘടിപ്പിക്കപ്പെട്ടു. ഇതേതുടർന്ന് ഇതിന്റെ പ്രവർത്തനമേഖല പട്ടികജാതിക്കാരെ ക്കുറിച്ചുള്ള പഠനങ്ങളിലേക്ക്കൂടി വ്യാപിച്ചു. ഇതൊരു പ്രത്യേക വകുപ്പായി രൂപീകരിക്കുന്നതിന്നു മുൻപ് നൂറുശതമാനവും കേന്ദ്ര സർക്കാ രിന്റെ സാമ്പത്തിക ബാദ്ധ്യതയിലാണ് പ്രവർത്തിച്ചു പോന്നിരുന്നത്. പ്രത്യേക വകുപ്പായതിനു ശേഷം കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും 50 : 50 എന്ന അനുപാത ക്രമത്തിലാണ് സാമ്പത്തിക ബാദ്ധ്യതകൾ ഏറ്റെടുത്ത് നടത്തിവരുന്നത്. ഈ സ്ഥാപനത്തിന്റെ തുടക്കം മുതൽ 1973 വരെ പ്രസിദ്ധ നരവംശ ശാസ്ത്രജ്ഞനായ ഡോ. എ. അയ്യപ്പനായിരുന്നു സ്പെഷ്യൽ ആഫീസർ എന്ന പേരിൽ സാരഥ്യം വഹിച്ചിരുന്നത്. പിന്നീട് വിവിധ കാലഘട്ടങ്ങളിലായി ഡോ.പി.ആർ.ജി.മാത്തൂർ, ശ്രീ. സി. ചന്ദ്രൻ, ഐ.എ.എസ്., ശ്രീ. വി. അപ്പു, ഡോ.സത്യനാരായണ ദാഷ്. ഐ.എ.എസ്, ശ്രീ. യു.കെ.എസ്. ചൗഹാൻ ഐ.എ.എസ്, ഡോ. എൻ. വിശ്വനാഥൻ നായർ, ഡോ. പി.കെ. സുകുമാരൻ നായർ എന്നിവർ ഈ വകുപ്പിന്റെ ഡയറക്ടർമാരായി പ്രവർത്തിച്ചു. 01.05.2003 മുതൽ മെയ് 2005 വരെ പട്ടികവർഗ്ഗ വകുപ്പ് ഡയറക്ടർ ശ്രീ. ടി.ടി. ആന്റണി ഐ.എ.എസ്, ഈ വകുപ്പിന്റെ ഡയറക്ടറുടെ അധികചുമതല വഹിച്ചു. 03.06.2005 മുതൽ 05.12.2005 വരെ ഈ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറായിരുന്ന ശ്രീ.വി.കെ. മോഹൻകുമാർ ഡയറക്ടറുടെ അധിക ചുമതല വഹിച്ചു. 06.12.2005 മുതൽ ആന്ത്രോപോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയിലെ നരവംശ ശാസ്ത്രജ്ഞനായ ഡോ.എം. ശശികുമാർ ഈ വകുപ്പിന്റെ ഡയറക്ടറായി ചുമതല വഹിച്ചു. കൂടാതെ മുൻ വർഷങ്ങളിൽ ശ്രീ. ഇ.അയ്യപ്പൻ - ഐ.എ.എസ്സ്, ശ്രീ. പി.പി.ഗോപി ഐ.എ.എസ്സ്, ശ്രീ.ശശിധര ഐ.എ.എസ്സ്, ശ്രീ.എൻ. പ്രശാന്ത് ഐ.എ.എസ്സ്, ശ്രീമതി. എസ്. ലളിതാം ബിക ഐ.എ.എസ്സ്, ശ്രീ.എ.മണിഭൂഷണൻ എന്നിവർ ഈ വകുപ്പിന്റെ ഡയറക്ടറുടെ അധികചുമതല വഹിച്ചിരുന്നു. 23.11.2011 മുതൽ പി.എസ്.സി. അഡൈ്വസ് ചെയ്തതുപ്രകാരം

ഡോ.ബിന്ദു.എസ് ഈ വകുപ്പിന്റെ ഡയറക്ടറുടെ ചുമതല ഏറ്റെടുത്ത് നടത്തിവരികയും ചെയ്യുന്നു.

(01.12.2016 മുതൽ 31.01.2017 വരെ ഡോ. ബിന്ദു എസ് അവധിയിലായിരുന്ന കാലയളവിൽ ഡോ. പി പുഗഴേന്തി ഐ.എഫ്.എസ് - നായിരുന്നു ഡയറക്ടറുടെ അധിക ചുമതല)

## 1.2. വകുപ്പിന്റെ ഘടന

- ഈ വകുപ്പിന്റെ ഘടന വ്യക്തമാക്കുന്ന ചാർട്ട് അനുബന്ധമായി ചേർത്തിട്ടുണ്ട്.

കേരള സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇതരവകുപ്പുകളിൽ നിന്നും വ്യത്യസ്ത മായ ഒരുഘടനയാണ് ഈ വകുപ്പിനുള്ളത്. ഇതിന്റെ പ്രവർത്തനമേഖല സംസ്ഥാന വ്യാപക മാണെങ്കിലും ഇതര വകുപ്പുകൾക്കുള്ളതുപോലെ മേഖലാടിസ്ഥാനത്തിലോ, ജില്ലാടിസ്ഥാന ത്തിലോ ഓഫീസുകൾ ഈ വകുപ്പിനില്ല. ഇതിന്റെ എല്ലാ പ്രവർത്തനങ്ങളും ആസ്ഥാനമായ കോഴിക്കോട് കേന്ദ്രമായാണ് നടത്തിവരുന്നത്.

ഈ വകുപ്പിന്റെ പ്രവർത്തനങ്ങളെ താഴെ ചേർത്തിരിക്കുന്ന പ്രകാരം അഞ്ചു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

1. ഭരണ നിർവ്വഹണ വിഭാഗം
2. ഗവേഷണ വിഭാഗം (നരവംശശാസ്ത്ര വിഭാഗം)
3. പരിശീലന വിഭാഗം
4. വികസനപഠന വിഭാഗം
5. ആദികലാകേന്ദ്രം, മ്യൂസിയം & ലൈബ്രറി

- ഈ വകുപ്പിന്റെ മേൽവിലാസവും ബന്ധപ്പെടേണ്ട മറ്റു വിവരങ്ങളും എന്നിവ താഴെ കൊടുക്കുന്നു.

**മേൽവിലാസം:**
ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്, ചേവായൂർ പി ഒ, കോഴിക്കോട് ജില്ല, പിൻ. 673 017

**ഫോൺ നം:**

| | |
|---|---|
| ഡയറക്ടർ | : 0495 2357329 |
| മൊബൈൽ ഫോൺ നം. | : 9447767329 |
| ഓഫീസ് | : 0495 2356805 |
| വിജിലൻസ് ഓഫീസർ | : 0495 2356821 |
| ഫാക്സ് നം. | : 0495 2357329 |
| വെബ് സൈറ്റ് | : www.kirtads.kerala.gov.in |
| ഇ.മെയിൽ | : kirtads@gmail.com, dirkirtads@gmail.com |

## 1.3. വകുപ്പിന്റെ പ്രവർത്തനങ്ങളും, ഉദ്ദേശ ലക്ഷ്യങ്ങളും

ഈ വകുപ്പ് സെക്രട്ടേറിയറ്റിലെ പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലാണ് പ്രവർത്തിച്ചുവരുന്നത്. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ കല, സംസ്ക്കാരം, ജീവിതരീതി, വിദ്യാഭ്യാസം മറ്റുമേഖലയിലുള്ള പുരോഗതി, വിഭവങ്ങളുടെ അന്യവൽക്കരണം, ദൈനംദിന ജീവിതപ്രശ്നങ്ങൾ ബൗദ്ധികസ്വത്തവകാശം എന്നിവയെപ്പറ്റി അടിസ്ഥാനപരമായി ഗവേഷണങ്ങൾ നടത്തി അവരുടെ സർവ്വതോന്മുഖമായ പുരോഗതിയെ മനസ്സിലാക്കി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ആസൂത്രണ രംഗത്ത് ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുക, ഇത്തരം വികസന പ്രവർത്തനങ്ങളിൽ പ്രത്യേകിച്ചും പട്ടികവിഭാഗ മേഖലകളിൽ പ്രവർത്തിച്ചുവരുന്ന ഉദ്യോഗസ്ഥന്മാർക്ക് പട്ടികജാതി പട്ടികവർഗ്ഗ ക്കാരുടെ സംസ്ക്കാരം, ജീവിതരീതി, അവരുടെ പുരോഗതി പ്രക്രിയയിലുള്ള പ്രശ്നങ്ങൾ എന്നിവ യിൽ വേണ്ടത്ര അറിവ് നൽകുന്നതിനുതകുന്ന വിധത്തിൽ പരിശീലന പരിപാടികൾ സംഘടി പ്പിക്കുക, പട്ടികജാതി-പട്ടികവർഗ്ഗ യുവതീ യുവാക്കൾക്കും നേതാക്കൾക്കും സർക്കാറിന്റെ വിവിധ ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് ഭരണഘടന നൽകുന്ന പ്രത്യേകാവകാശങ്ങളെയും സംരക്ഷണ ങ്ങളെയുംകുറിച്ച് ബോധവൽക്കരണം ഉൾപ്പെടെയുള്ള കാര്യങ്ങളിലും നേതൃത്വ പരിശീലനം നൽകുക, ആദിവാസികളുടെ ചികിത്സാ സമ്പ്രദായ ത്തെക്കുറിച്ചു പഠിക്കുന്ന തോടൊപ്പം അവർ ഉപയോഗിച്ചുവരുന്ന പച്ചമരുന്നുകൾ തിരിച്ചറിയു വാനും ശേഖരിക്കുവാനും ഉപയോഗിക്കുവാനും വിപണനം ചെയ്യുവാനും പട്ടികവർഗ്ഗ യുവാക്ക ൾക്ക് വംശീയ വൈദ്യ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുക, വികസനപദ്ധതികൾ എത്രകണ്ട് അവർക്ക് പ്രയോജന പ്രദമായിട്ടുണ്ടെന്ന് വിലയിരുത്തുക, അത്തരം പദ്ധതികളുടെ നടത്തിപ്പിൽ അപാകതകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ പരിഹരിക്കാ നാവശ്യമായ നിർദ്ദേശങ്ങൾ നൽകുക, ക്ഷേമപ്രവർത്ത നങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തു ന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടു ത്തിക്കൊണ്ടുള്ള വിലയിരുത്തൽ പഠനങ്ങൾ നടത്തുക, അനർഹമായി പട്ടികജാതി പട്ടികവർഗ്ഗ ക്കാരുടെ ആനുകൂല്യങ്ങൾ തട്ടിയെടുക്കാനുള്ള പ്രവണതയോടെ ഇതരവിഭാഗക്കാർ നടത്തി വരുന്ന ജാതിമാറ്റ സമ്പ്രദായം അന്വേഷണ വിധേയമാക്കി, അത്തരക്കാരെ നിരുൽസാഹ പ്പെടുത്തുവാനും പുറത്താക്കാനും പഠനങ്ങൾ നടത്തുക, തുടങ്ങിയ ഗവേഷണ അധിഷ്ഠിത പ്രവർത്തനങ്ങളാണ് ഈ വകുപ്പ് ഏറ്റെടുത്ത് നടത്തി വരുന്നത്. 1996 ലെ കേരള (പട്ടികജാതി പട്ടികവർഗ്ഗ) സമുദായ സർട്ടിഫിക്കറ്റ് ക്രമപ്പെടുത്തൽ ആക്ട് 11 അനുസരിച്ച് ഈ വകുപ്പിലെ നരവംശ ശസ്ത്രവിഭാഗത്തെ ജാതി നിർണ്ണയത്തിന്റെ ഒരു വിദഗ്ധ ഏജൻസിയായി അംഗീകരിച്ചിട്ടുണ്ട്. പട്ടികജാതി -പട്ടികവർഗ്ഗക്കാരുടെ പാരമ്പര്യ കലകൾ, നൃത്തങ്ങൾ, കരകൗശല വൈദഗ്ധ്യം പാര മ്പര്യ ജ്ഞാനം തുടങ്ങിയവ പരിപോഷിപ്പിക്കുക, ഗോത്ര സംസ്കാരം പ്രതിബിംബിപ്പിക്കുന്ന മ്യൂസിയം സജ്ജീകരിക്കുക ഗോത്ര ഭാഷകളുടെ സംരക്ഷണവും ഡോക്യുമെന്റ് ചെയ്യലും തുടങ്ങിയവയും ഈ വകുപ്പിന്റെ പ്രവർത്തന മേഖലകളാണ്. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ വകുപ്പിലെ ഗവേഷണ വിഭാഗം, പരിശീലന വിഭാഗം, വികസനപഠന വിഭാഗം, ഭാഷാ ശാസ്ത്ര വിഭാഗം എന്നീ മുഖ്യവിഭാഗങ്ങൾ വഴി നടപ്പിൽവരുത്തിക്കൊണ്ടിരിക്കുന്നു.

ഈ വകുപ്പിൽ അനുവദിച്ചിട്ടുള്ള തസ്തികകളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | തസ്തികകളുടെ പേര് | ശമ്പള സ്കെയിൽ | തസ്തികകളുടെ എണ്ണം |
|---|---|---|---|
| എ. ഗസറ്റഡ് തസ്തിക | | | |
| 1. | ഡയറക്ടർ | 81000 - 117600 | 1 |
| 2. | ഡെപ്യൂട്ടി ഡയറക്ടർ (ട്രെയിനിംഗ് ) | 45800 - 89000 | 1 |
| 3. | ഡെപ്യൂട്ടി ഡയറക്ടർ (ആന്ത്രോപ്പോളജി) | 45800 - 89000 | 1 |
| 4. | ഡെപ്യൂട്ടി ഡയറക്ടർ (ഡെവലപ്പ്മെന്റ് സ്റ്റഡീസ് ) | 45800 - 89000 | 1 |
| 5. | ലക്ചറർ (ആന്ത്രോപ്പോളജി/സോഷ്യോളജി) | 39500 - 83000 | 3 |
| 6. | റിസർച്ച് ഓഫീസർ (ആന്ത്രോപ്പോളജി) | 39500 - 83000 | 7 |
| 7. | റിസർച്ച് ഓഫീസർ (സ്റ്റാറ്റിസ്റ്റിക്സ്) | 39500 - 83000 | 1 |
| 8. | കമ്പ്യൂട്ടർ ഓപ്പറേറ്റർ | 36600 - 79200 | 1 |
| ബി. നോൺ ഗസറ്റഡ് തസ്തിക | | | |
| 9. | സ്റ്റാറ്റിസ്റ്റിഷ്യൻ | 29200 - 62400 | 1 |
| 10. | റിസർച്ച് അസിസ്റ്റന്റ് (സോഷ്യോളജി) | 27800 - 59400 | 3 |
| 11. | റിസർച്ച് അസിസ്റ്റന്റ് (ആന്ത്രോപ്പോളജി) | 27800 - 59400 | 5 |
| 12. | റിസർച്ച് അസിസ്റ്റന്റ് ( ലിംഗ്വിസ്റ്റിക്സ്) | 27800 - 59400 | 1 |
| 13. | കാർട്ടോഗ്രാഫർ | 27800 - 59400 | 1 |
| 14. | ക്യൂറേറ്റർ | 25200 - 54000 | 1 |
| 15. | ഇൻവെസ്റ്റിഗേറ്റർ((ആന്ത്രോപ്പോളജി/ സോഷ്യോളജി) | 25200 - 54000 | 6 |
| 16. | ജൂനിയർ സൂപ്രണ്ട് | 30700 - 65400 | 1 |
| 17. | സീനിയർ ക്ലാർക്ക് | 25200 - 54000 | 2 |
| 18. | ക്ലാർക്ക് | 19000 - 43600 | 2 |
| 19. | ടൈപ്പിസ്റ്റ് (സെലക്ഷൻ ഗ്രേഡ്) | 27800 - 59400 | 1 |
| 20. | യു.ഡി. ടൈപ്പിസ്റ്റ് | 25200 - 54000 | 1 |
| 21. | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 20000 - 45800 | 1 |
| 22. | എൽ.ഡി. ടൈപ്പിസ്റ്റ് | 19000 - 43600 | 1 |
| 23. | ഡ്രൈവർ | 18000 - 41500 | 4 |

| | | | |
|---|---|---|---|
| 24. | മ്യൂസിയം അസിസ്റ്റന്റ് | 17000 - 37500 | 1 |
| 25. | റിക്കാർഡ് അസിസ്റ്റർ | 17000 - 37500 | 1 |
| 26. | ഓഫീസ് അറ്റൻഡന്റ് | 16500 - 35700 | 4 |
| 27. | വാച്ച്മാൻ | 16500 - 35700 | 1 |
| 28. | നൈറ്റ് വാച്ച്മാൻ | 16500 - 35700 | 1 |
| 29. | സ്വീപ്പർ - കം - വാച്ച്മാൻ | 16500 - 35700 | 1 |
| 30. | പാർട്ട് - ടൈം - സ്വീപ്പർ | 9340 - 14800 | 1 |
| **മറ്റു വകുപ്പിൽ നിന്നും വന്നവർ** | | | |
| 31. | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | As in PD | 1 |
| 32. | ഫിനാൻസ് ഓഫീസർ | As in PD | 1 |
| 33. | ലൈബ്രേറിയൻ ഗ്രേഡ് -I | As in PD | 1 |
| | **ആകെ** | | **60** |

- റിപ്പോർട്ട് വർഷാവസാനം ഈ വകുപ്പിൽ നിലവിലുണ്ടായിരുന്ന ജീവനക്കാരുടെ എണ്ണം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | തസ്തികകളുടെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1. | ഡയറക്ടർ | 1 |
| 2. | ഡെപ്യൂട്ടി ഡയറക്ടർ (പരിശീലനം) | 1 |
| 3. | ലക്ചറർ (ആന്ത്രോപ്പോളജി/ സോഷ്യോളജി) | 3 |
| 4. | റിസർച്ച് ഓഫീസർ (ആന്ത്രോപ്പോളജി ) | 7 |
| 5. | റിസർച്ച് ഓഫീസർ (സ്റ്റാറ്റിസ്റ്റിക്സ്) | 1 |
| 6. | റിസർച്ച് അസിസ്റ്റന്റ് (ആന്ത്രോപ്പോളജി) | 5 |
| 7. | റിസർച്ച് അസിസ്റ്റന്റ് (സോഷ്യോളജി) | 3 |
| 8. | റിസർച്ച് അസിസ്റ്റന്റ് (ലിംഗ്വിസ്റ്റ്) | 1 |
| 9. | സ്റ്റാറ്റിസ്റ്റിഷ്യൻ | 1 |
| 10. | ഇൻവെസ്റ്റിഗേറ്റർ (ആന്ത്രോപ്പോളജി/സോഷ്യോളജി) | 3 |
| 11. | കാർട്ടോഗ്രാഫർ | 1 |
| 12. | ജൂനിയർ സൂപ്രണ്ട് | 1 |
| 13. | സീനിയർ ക്ലാർക്ക് | 2 |
| 14. | എൽ.ഡി. ക്ലാർക്ക് | 2 |
| 15. | ടൈപ്പിസ്റ്റ് (സെ.ഗ്രേഡ്) | 1 |

| | | |
|---|---|---|
| 16. | യു.ഡി. ടൈപ്പിസ്റ്റ് | 1 |
| 17. | എൽ.ഡി. ടൈപ്പിസ്റ്റ് | 1 |
| 18. | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 |
| 19. | ഡ്രൈവർ | 3 |
| 20. | റിക്കാർഡ് അറ്റൻഡർ | 1 |
| 21. | ഓഫീസ് അറ്റൻഡന്റ് | 3 |
| 22. | വാച്ച്മാൻ | 1 |
| 23. | സ്വീപ്പർ - കം - വാച്ച്മാൻ | 1 |
| 24. | പാർട്ട് - ടൈം - സ്വീപ്പർ | 1 |
| 25. | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 |
| 26. | ഫിനാൻസ് ഓഫീസർ | 1 |
| 27. | ലൈബ്രേറിയൻ (ഗ്രേഡ്-I) | 1 |
| | **ആകെ** | **49** |

- അനുവദിച്ച തസ്തികകൾ : 60
- റിപ്പോർട്ട് വർഷാവസാനം നിലവിലുണ്ടായിരുന്ന ജീവനക്കാരുടെ എണ്ണം : 61
- സ്ഥിരം ജീവനക്കാർ : 49
- കരാർ ജീവനക്കാർ : 9
- എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക നിയമനം : 3
- റിപ്പോർട്ട് വർഷത്തിൽ പി.എസ്.സി. വഴി നിയമനം : 6
- സമാശ്വാസ തൊഴിൽ പദ്ധതി : ഇല്ല
- റിട്ടയർമെന്റ് : 1
- റിപ്പോർട്ട് വർഷം പി.എസ്.സി വഴി താഴെ പറയുന്ന തസ്തികയിൽ നിയമനം നടത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | തസ്തികകളുടെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1. | റിസർച്ച് അസിസ്റ്റന്റ് (ആന്ത്രപ്പോളജി) | 1 |
| 2. | റിസർച്ച് അസിസ്റ്റന്റ് (സോഷ്യോളജി) | 2 |
| 3. | കോൺഫിഡൻഷ്യൽ അസ്സിസ്റ്റന്റ് ഗ്രേഡ് - II | 1 |
| 4. | എൽ.ഡി ക്ലർക്ക് | 1 |
| 5. | എൽ.ഡി ടൈപ്പിസ്റ്റ് | 1 |
| | **ആകെ** | **6** |

- റിപ്പോർട്ട് വർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താഴെ പറയുന്ന തസ്തികയിൽ നിയമനം നടത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | തസ്തികകളുടെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1. | മ്യൂസിയം അറ്റൻഡന്റ് | 1 |

| | | |
|---|---|---|
| 2. | കമ്പ്യൂട്ടർ ഓപ്പറേറ്റർ | 1 |
| 3. | ഇൻവെസ്റ്റിഗേറ്റർ (ആന്ത്രപ്പോളജി/സോഷ്യോളജി) | 1 |
| | **ആകെ** | **3** |

- വിജിലൻസ് വിഭഗത്തിൽ കെട്ടിക്കിടക്കുന്ന ഫയൽ തീർപ്പാക്കുന്നതിനായി സർക്കാർ ഉത്തരവ് (സാധാ) നം. 1643/2016/പജ.പവ.വിവ, തിയ്യതി 27.10.2016 പ്രകാരം ഒരു വർഷത്തേക്ക് കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി 10 റിസർച്ച് അസിസ്റ്റന്റ് തസ്തിക അനുവദിച്ചിരുന്നു.

- വിജിലൻസ് വിഭഗത്തിലെ ഫയൽ ക്രമീകരണത്തിനായി ഒരു ഡാറ്റ എൻട്രി ഓപ്പറേറ്ററെ 74 ദിവസത്തേക്ക് ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിച്ചു.

# 2. നരവംശ ശാസ്ത്രവിഭാഗം

## 2.1. 2016-17 സാമ്പത്തിക വർഷത്തിൽ നരവംശ ശാസ്ത്രവിഭാഗത്തിന്റെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

1996 - ലെ ആക്ട് 11 പ്രകാരം ഗവേഷണ വിഭാഗത്തിലെ വിജിലൻസ് സെൽ സമുദായ നിർണ്ണയ പഠനങ്ങൾ നടത്തുന്നതിനും സംശയാസ്പദമായ പട്ടികജാതി പട്ടികവർഗ്ഗ സമുദായ അവകാശങ്ങൾ അന്വേഷിക്കുന്നതിനുമുള്ള വിദഗ്ധ ഏജൻസിയായി പ്രവർത്തിച്ചു വരുന്നു. ഈ ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സ്ക്രൂട്ടിനി കമ്മിറ്റി, സ്ക്രീനിംഗ് കമ്മിറ്റി എന്നിവയ്ക്ക് വേണ്ടിയുള്ള ജാതി നിർണ്ണയം കേസുകളുടെ നരവംശശാസ്ത്രപരമായ അന്വേഷണം, ഗവേഷണ വിഭാഗത്തിലെ വിജിലൻസ് സെൽ നടത്തിവരുന്നു. കഴിഞ്ഞവർഷം പൂർത്തിയാക്കിയ കേസുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1996 ലെ ആക്ട് 11 പ്രകാരം പ്രവർത്തിക്കുന്ന സ്ക്രൂട്ടിനി കമ്മിറ്റി, വ്യാജപട്ടികജാതി - പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ് നേടുകയും നേടിക്കൊണ്ടിരിക്കുന്നതുമായ കേസുകളിൻമേൽ നരവംശശാസ്ത്രപരമായ അന്വേഷണത്തിനായി കഴിഞ്ഞ ഒരു വർഷമായി പൂർത്തീകരിച്ച കേസുകൾ താഴെ നൽകുന്നു.

| | | |
|---|---|---|
| താലൂക്ക് | - | 61 |
| എസ് സി/എസ്.ടി കമ്മീഷൻ | - | 4 |
| കോടതി കേസ് | - | 1 |
| Counter affidavit | - | 5 |
| Inclusion study | - | 1 |
| Vigilance | - | 10 |
| എസ്.സി ഡയറക്ടറേറ്റ് | - | 1 |
| കലക്ടറേറ്റ് | - | 1 |

Others - 2

Government Report - 2

എസ്.ടി ഡയറക്ടറേറ്റ് - 1

**ആകെ - 89**

**2.2. സ്ക്രീനിംഗ് കമ്മിറ്റി**

വിവിധ പ്രൊഫഷണൽ കേസുകൾ പ്രവേശനത്തിനായി നടത്തുന്ന പരീക്ഷകൾക്ക് സമർപ്പിക്കപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ അപേക്ഷ പരിശോധിക്കുകയും സ്ക്രീനിംഗ് കമ്മിറ്റിയുടെ ആവശ്യപ്രകാരം അപേക്ഷകരുടെ യഥാർത്ഥജാതി സംബന്ധിച്ച് നരവംശശാസ്ത്രപരമായ അന്വേഷണം നടത്തുകയുണ്ടായി. ഇതിൽ അപേക്ഷകർ പട്ടികജാതി/പട്ടികവർഗ്ഗ സമുദായ സംവരണത്തിന് അർഹരല്ലയെന്ന് കണ്ടെത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ നരവംശശാസ്ത്രപരമായ റിപ്പോർട്ടുകൾ സ്ക്രീനിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചു. ആയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

സ്ക്രീനിംഗ് കമ്മിറ്റി - 512

KEAM - 416

Paramedical - 73

5 Year LLB - 10

3 Years LLB - 7

MSc Nursing - 4

LLM - 2

**ആകെ - 1024**

സർക്കാർ നിർദ്ദേശ പ്രകാരം കാലങ്ങളായി കുടിശ്ശിക ആയിട്ടുള്ള താലൂക്ക് കേസുകളിൻമേൽ അദാലത്ത് നടത്തി ഫയലുകൾ തീർപ്പാക്കുന്നതിന് നിശ്ചയിക്കുകയും വയനാട്, പാലക്കാട് ജില്ലകളിൽ അദാലത്ത് നടത്തുകയും ചെയ്തു. 2016-17 സാമ്പത്തികവർഷത്തിൽ റവന്യൂ ഉദ്യോഗസ്ഥർക്ക് ജാതിനിർണ്ണയവുമായി ബന്ധപ്പെട്ട് പരിശീലനം സംഘടിപ്പിക്കുകയും ചെയ്തു.

# 3. പരിശീലന വിഭാഗം

## 3.1. 2016-17 സാമ്പത്തിക വർഷത്തിൽ പരിശീലന വിഭാഗം ഏറ്റെടുത്തു നടത്തിയ പ്രധാനപ്പെട്ട പരിപാടികൾ ചുവടെ ചേർക്കുന്നു.

1. 04.10.2016 മുതൽ 07.10.2016 വരെയുള്ള തീയ്യതികളിൽ കാടർ, കുറുമ്പർ സമുദായംഗങ്ങൾക്കായി അവബോധ പരിശീലന പരിപാടി കിർടാഡ്സ് ക്യാമ്പസിൽ വെച്ച് സംഘടിപ്പിച്ചു.
   പങ്കെടുത്തവരുടെ എണ്ണം : 32
   അനുവദിച്ച തുക : 2,91,000.00
   ചെലവായ തുക : 2,29,197.00

2. 2016 നവംബർ 29-ാം തീയ്യതി മുതൽ ഡിസംബർ 3 വരെ പണിയൻ, അടിയാൻ, ചോലനായിക്കൻ, അരനാടൻ സമുദായംഗങ്ങൾക്കായുള്ള നേതൃത്വ പരിശീലന പരിപാടി കിർടാഡ്സ് ക്യാമ്പസിൽ വെച്ച് നടത്തി.

   പങ്കെടുത്തവരുടെ എണ്ണം : 30

   അനുവദിച്ച തുക : 8,39,000.00

   ചെലവായ തുക : 6,49,897.00

   (ക്രമ നമ്പർ 3,4,5,6 ഉൾപ്പെടെ)

3. 2016 ഡിസംബർ 7 ന് വയനാട് ജില്ലയിലെ മാതമംഗലം തുണ്ടിയിൽ സങ്കേതത്തിൽ വെച്ച് ഗോത്ര സമുദായക്കാർക്കായി ഏകദിന പരിശീലന പരിപാടി സംഘടിപ്പിച്ചു.

   പങ്കെടുത്തവരുടെ എണ്ണം : 68

4. 2017 ജനുവരി 6 ന് വയനാട് ജില്ലയിലെ ചേകാടി താഴശ്ശേരി സങ്കേതത്തിൽ വെച്ച് ഗോത്ര സമുദായക്കാർക്കായി ഏകദിന പരിശീലന പരിപാടി സംഘടിപ്പിച്ചു

   പങ്കെടുത്തവരുടെ എണ്ണം : 85

5. 2017 ഫെബ്രുവരി 21 ന് കോഴിക്കോട് ജില്ലയിലെ ഗോത്ര സമുദായക്കാർക്കായി ഏകദിന പരിശീലന പരിപാടി കിർടാഡ്സ് ക്യാമ്പസിൽ വെച്ച് നടത്തി.

   പങ്കെടുത്തവരുടെ എണ്ണം : 101

6. 2017 മാർച്ച് നാലിന് കണ്ണൂർ ജില്ലയിലെ ആറളം പ്രദേശത്തെ ചതിരൂർ സങ്കേതത്തിൽ വെച്ച് ഗോത്ര സമുദായക്കാർക്കായി ഏകദിന പരിശീലന പരിപാടി സംഘടിപ്പിച്ചു.

   പങ്കെടുത്തവരുടെ എണ്ണം : 90

7. 05.12.2016 മുതൽ 09.12.2016 വരെയുള്ള തീയ്യതികളിലായി വയനാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിലെ പട്ടികവർഗ്ഗ ജനപ്രതിനിധികൾക്കുള്ള പരിശീലന പരിപാടി കിർടാഡ്സ് ക്യാമ്പസിൽ വെച്ച് സംഘടിപ്പിച്ചു.

   പങ്കെടുത്തവരുടെ എണ്ണം : 23

   അനുവദിച്ച തുക : 5,35,000.00

   ചെലവായ തുക : 3,56,751.00

8. 19.12.2016 മുതൽ 28.12.2016 വരെയുള്ള തീയ്യതികളിലായി പാലക്കാട് ജില്ലയിലെ വടക്കഞ്ചേരിയിൽ വെച്ച് നടന്ന ഗദ്ദിക-2016 - 17 ൽ വകുപ്പിന്റെ സ്റ്റാളുകളും വൈദ്യം, വംശീയ ഭക്ഷ്യമേള മരുന്നാവിക്കുളി എത്നോളജിക്കൽ മ്യൂസിയം പ്രദർശനം സംഘടിപ്പിച്ചു.

   പങ്കെടുത്തവരുടെ എണ്ണം : 34

   അനുവദിച്ച തുക : 6,80,000.00

   ചെലവായ തുക : 6,79,989.00

9. 26.01.2017 മുതൽ 29.01.2017 വരെയുള്ള തീയ്യതികളിൽ ഗോത്ര സമുദായങ്ങളിലെ അരിവാൾ രോഗ ബാധിതരായ കുട്ടികൾക്കും രക്ഷിതാക്കൾക്കും പരിശീലന പരിപാടി കിർടാഡ്സ് ക്യാമ്പസിൽ വെച്ച് സംഘടിപ്പിച്ചു

   പങ്കെടുത്തവരുടെ എണ്ണം : 38

   അനുവദിച്ച തുക : 6,00,000.00

   ചെലവായ തുക : 5,95,408.00

   (ക്രമ നമ്പർ 10 ഉൾപ്പെടെ)

10. 2017 മാർച്ച് 10 ന് സിക്കിൾ സെൽ ബാധിതരായ കുട്ടികളുടെ രക്ഷിതാക്കൾക്കുള്ള ഏക ദിന പരിശീലന പരിപാടി വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരിയിൽവെച്ച് സംഘടിപ്പിച്ചു.

    പങ്കെടുത്തവരുടെ എണ്ണം : 80

11. 13.02.2017 മുതൽ 14.02.2017 വരെയുള്ള തീയ്യതികളിൽ തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽവെച്ച് 34-ാമത് സംസ്ഥാന തല തലയ്ക്കൽ ചന്തു അബെയ്ത്ത് മത്സരങ്ങൾ സംഘടിപ്പിച്ചു.

    പങ്കെടുത്തവരുടെ എണ്ണം : 84

    അനുവദിച്ച തുക : 10,70,000.00

    ചെലവായ തുക : 9,00,690.00

    (ക്രമ നമ്പർ 12 ഉൾപ്പെടെ)

12. 2017 ജനുവരി 14 ന് വയനാട് ജില്ലയിലെ പനമരം ഹൈസ്ക്കൂൾ ഗ്രൗണ്ടിൽവെച്ച്, 34-ാമത് തലയ്ക്കൽ ചന്തു അമ്പെയ്ത്ത് മത്സരവുമായി ബന്ധപ്പെട്ട ട്രയൽ മത്സരങ്ങൾ നടത്തി

    പങ്കെടുത്തവരുടെ എണ്ണം : 92

13. 2017 ഫെബ്രുവരി 6,7,8,14,15, മാർച്ച് 2, 3 തീയ്യതികളിലായി റവന്യൂ ഉദ്യോഗസ്ഥർക്കുള്ള ഏകദിന പരിശീലന പരിപാടി കിർടാഡ്സ് ക്യാമ്പസിൽ വെച്ച് നടത്തി.

    പങ്കെടുത്തവരുടെ എണ്ണം : 490

    അനുവദിച്ച തുക : 5,95,000.00

    ചെലവായ തുക : 4,17,520.00

14. 18.02.2017 മുതൽ 21.02.2017 വരെയുള്ള തീയ്യതികളിലായി വയനാട്, കണ്ണൂർ, മലപ്പുറം ജില്ലകളിലെ ഗ്രാമ പഞ്ചായത്ത് ജനപ്രതിനിധികൾക്കുള്ള പരിശീലന പരിപാടി കിർടാഡ്സ് ക്യാമ്പസിൽ വെച്ച് സംഘടിപ്പിച്ചു.

    പങ്കെടുത്തവരുടെ എണ്ണം : 40

    അനുവദിച്ച തുക : 4,40,000.00

    ചെലവായ തുക : 3,11,810.00

15. 22.02.2017 മുതൽ 26.02.2017 വരെയുള്ള തീയ്യതികളിൽ തിരുവന്തപുരത്തുവെച്ച് ബയോ ഡൈവേഴ്സിറ്റി എക്സ്പോയുടെ ഭാഗമായി ഗോത്രജനതയുടെ ജൈവവൈവിധ്യ സംസ്കൃതി പ്രദർശനം സംഘടിപ്പിച്ചു.

16. 31.01.2017 മുതൽ 07.02.2017 വരെയുള്ള തീയ്യതികളിൽ ഗോത്രസാഹിത്യ ക്യാമ്പ് കിർടാഡ്സ് ക്യാമ്പസിൽ വെച്ച് സംഘടിപ്പിച്ചു

    പങ്കെടുത്തവരുടെ എണ്ണം : 31

    അനുവദിച്ച തുക : 8,93,000.00

    ചെലവായ തുക : 7,91,400.00

17. 2017 ഫെബ്രുവരി 22 ന് കോഴിക്കോട് ദേവഗിരി കോളേജിൽ ഗോത്ര സംസ്കൃതി പ്രദർശനം ഒരുക്കി.

18. പെസ നിയമവുമായി ബന്ധപ്പെട്ട റിപ്പോർട്ട് തയ്യാറാക്കി.

19. 05.03.2017 മുതൽ 14.03.2017 വരെയുള്ള തീയ്യതികളിലായി പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ വരുന്ന ഏകാദ്ധ്യാപക സ്കൂളുകളിലെ അദ്ധ്യാപകർക്കുള്ള പരിശീലന പരിപാടി കിർടാഡ്സ് ക്യാമ്പസിൽ വെച്ച് സംഘടിപ്പിച്ചു.

    പങ്കെടുത്തവരുടെ എണ്ണം : 50
    അനുവദിച്ച തുക : 12,90,000.00
    ചെലവായ തുക : 9,83,646.00

20. കേരളത്തിലെ ഗോത്ര കലകളെ അധികരിച്ചുള്ള പുസ്തകം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചു

21. സംസ്ഥാനത്തിലെ ഗോത്ര ജനതയുടെ നൃത്തരൂപങ്ങളുടെ പ്രസിദ്ധീകരണം തയ്യാറാക്കി.

    അനുവദിച്ച തുക : 1,00,000.00
    ചെലവായ തുക : 93,030.00

22. 25.03.2017 മുതൽ 27.03.2017 വരെയുള്ള തീയ്യതികളിലായി ഇന്ത്യയിലെ ഗോത്ര കലകളെക്കുറിച്ചുള്ള അന്തർദേശീയ സെമിനാർ കിർടാഡ്സ് ക്യാമ്പസിൽ വെച്ച് സംഘടിപ്പിച്ചു.

    പങ്കെടുത്തവരുടെ എണ്ണം : 64
    അനുവദിച്ച തുക : 8,40,000.00
    ചെലവായ തുക : 7,56,447.00

23. 20.03.2017 മുതൽ 22.03.2017 വരെയുള്ള തീയ്യതികളിലായി വയനാട് പൂക്കോട്ട് ആസ്ഥാനമായി പ്രവർത്തിക്കുന്ന വെറ്റിനറി യൂണിവേഴ്സിറ്റിയും കിർടാഡ്സ് പരിശീലന വിഭാഗവും സംയുക്തമായി വയനാട് ജില്ലയിലെ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്കായി ത്രിദിന പരിശീലന പരിപാടി സംഘടിപ്പിച്ചു.

24. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ വരുന്ന ഏകാദ്ധ്യാപക സ്കൂളുകളിലെ അദ്ധ്യാപകർക്കായി 'ബ്ള്സം' എന്ന പുസ്തകം തയ്യാറാക്കി.

25. കേന്ദ്രാവിഷ്കൃത പദ്ധതി 100% സി.എസ്.എസ് ന്റെ ഭാഗമായി ചോലനായിക്കൻ സമുദായക്കാർക്കുള്ള സംരംഭകത്വ പരിശീലന പരിപാടിക്ക് തുടക്കം കുറിച്ചു.

26. 18.11.2016 മുതൽ 24.11.2016 വരെയുള്ള തീയ്യതികളിലായി ഒഡീഷയിലെ ഭുവനേശ്വറിൽ വെച്ച് നടന്ന ദേശീയ പട്ടികവർഗ്ഗ കരകൗശല മേളയിൽ പങ്കെടുത്തു.

    പങ്കെടുത്തവരുടെ എണ്ണം : 3
    അനുവദിച്ച തുക : 43,000.00
    ചെലവായ തുക : 42,023.00

### 3.2. ആദികലാകേന്ദ്രം

1. 23.11.2016 മുതൽ 24.11.2016 വരെയുള്ള തീയ്യതികളിലായി സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഗോത്ര നൃത്ത രൂപങ്ങൾ ഉൾപ്പെടുത്തുന്നതിനായി കലോത്സവ നിയമാവലി ഭേദഗതി വരുത്തുന്നതിനാവിശമായ കരട് നിബന്ധനകൾ തയ്യാറാക്കുന്നതിനുള്ള ശില്പശാല സംഘടിപ്പിക്കുകയും കരട് ഭേദഗതി തുടർ നടപടികൾക്കായി സമർപ്പിക്കുകയും ചെയ്തു.

    പങ്കെടുത്തവരുടെ എണ്ണം : 41
    അനുവദിച്ച തുക : 3,10,000.00
    ചെലവായ തുക : 1,92,119.00

2. 01.12.2016 മുതൽ 05.12.2016 വരെയുള്ള തീയ്യതികളിൽ പട്ടിക വർഗ്ഗ മന്നാൻ സമുദായക്കാരുടെ പരമ്പരാഗത അനുഷ്ഠാന നൃത്തമായ 'ആട്ട്' ന്റെ പഠന കളരി സംഘടിപ്പിച്ചു.

   പങ്കെടുത്തവരുടെ എണ്ണം : 25
   അനുവദിച്ച തുക : 6,00,000.00
   ചെലവായ തുക : 5,21,677.00

3. കണ്ണൂരിൽ വെച്ച് നടന്ന 57-ാമത് സംസ്ഥാന സ്ക്കൂൾകലോത്സവത്തിന്റെ ഭാഗമായി അഞ്ച് ഗോത്ര നൃത്തരൂപങ്ങൾ 2017 ജനുവരി 21 ന് പ്രദർശന ഇനമായി സംഘടിപ്പിച്ചു

   പങ്കെടുത്തവരുടെ എണ്ണം : 75
   അനുവദിച്ച തുക : 1,72,500.00 (പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും അനുവദിച്ച തുക)
   ചെലവാക്കിയ തുക : 1,72,441.00

4. 19.12.2016 മുതൽ 28.12.2016 വരെയുള്ള തീയ്യതികളിലായി പാലക്കാട് ജില്ലയിലെ വടക്കഞ്ചേരിയിൽ വെച്ച് നടന്ന ഗദ്ദിക-2016 - 17 ൽ പട്ടികവർഗ്ഗ നാടൻ കലാമേള സംഘടിപ്പിച്ചു.

   പങ്കെടുത്തവരുടെ എണ്ണം : 450
   അനുവദിച്ച തുക : 13,50,000.00
   ചെലവായ തുക : 12,71,318.00

5. 21.01.2017 മുതൽ 30.01.2017 വരെയുള്ള തീയ്യതികളിലായി കോഴിക്കോട് ജില്ലയിലെ വളയത്ത് വെച്ച് നടന്ന ഗദ്ദിക-2016 - 17 ൽ പട്ടികവർഗ്ഗ നാടൻ കലാമേള സംഘടിപ്പിച്ചു.

   പങ്കെടുത്തവരുടെ എണ്ണം : 550
   അനുവദിച്ച തുക : 13,50,000.00
   ചെലവായ തുക : 12,18,085.00

6. 19.12.2016 മുതൽ 28.12.2016 വരെയുള്ള തീയ്യതികളിലായി പാലക്കാട് ജില്ലയിലെ വടക്കഞ്ചേരിയിൽ വെച്ചും 2017 ജനുവരി 21-30 തീയ്യതികളിലായി കോഴിക്കോട് ജില്ലയിലെ വളയത്ത് വെച്ചും നടന്ന ഗദ്ദിക-2016 - 17 ൽ പട്ടികജാതി വിഭാഗക്കരുടെ നാടൻ കലാമേള സംഘടിപ്പിച്ചു.

   പങ്കെടുത്തവരുടെ എണ്ണം : 500
   അനുവദിച്ച തുക : 16,35,000.00 (പട്ടിക ജാതി വികസന വകുപ്പിൽ നിന്നും അനുവദിച്ച തുക)
   ചെലവായ തുക : 15,43,746.00

### 3.3. എത്നോളജിക്കൽ മ്യൂസിയം

1. 2016 ഒക്ടോബർ 25 മുതൽ 28 വരെ ന്യൂഡൽഹിയിൽ സംഘടിപ്പിച്ച നാഷണൽ ട്രൈബൽ ഫെസ്റ്റിവെലിൽ ഗോത്ര സംസ്കൃതി പ്രദർശനം നടത്തി.

2. 2016 ഡിസംബർ 19 മുതൽ 28 വരെ പാലക്കാട് സംഘടിപ്പിച്ച ഗദ്ദിക സംസ്ഥാനതല ഗോത്ര വർഗ്ഗ പ്രദർശന വിപണന മേളയിൽ ഗോത്ര സംസ്കൃതി പ്രദർശനം നടത്തി.

3. 2017 ജനുവരി 21 മുതൽ 30 വരെ കോഴിക്കോട് സംഘടിപ്പിച്ച ഗദ്ദിക- സംസ്ഥാനതല ഗോത്ര വർഗ്ഗ പ്രദർശന വിപണന മേളയിൽ ഗോത്രസംസ്കൃതി പ്രദർശനം നടത്തി.

4. 2017 ഫെബ്രുവരി 22 ന് ദേവഗിരി കോളേജ് ഫെസ്റ്റിവെലിൽ ഗോത്രസംസ്കൃതി പ്രദർശനം നടത്തി.

5. തിരുവനന്തപുരത്ത് സംഘടിപ്പിച്ച ബയോഡൈവേഴ്സിറ്റി എക്സ്പോ 2017 ൽ ഗോത്ര സംസ്കൃതി പ്രദർശനം നടത്തി.

6. 2016-17 സാമ്പത്തിക വർഷത്തിൽ 30 വിദ്യാലയങ്ങളിൽ നിന്ന് മ്യൂസിയം സന്ദർശിച്ചു. ആകെ 2083 വിദ്യാർത്ഥികൾ മ്യൂസിയം സന്ദർശിക്കാൻ എത്തിയിരുന്നു.
7. മ്യൂസിയം സന്ദർശിച്ച കോളേജുകളുടെ എണ്ണം 7 ഉം സന്ദർശകരുടെ എണ്ണം 161 ഉം ആണ്.

8. സ്കൂളുകൾക്കും കോളേജുകൾക്കും പുറമെ മറ്റു 13 സ്ഥാപനങ്ങളിൽ നിന്നും 525 പേർ മ്യൂസിയം സന്ദർശിച്ചിട്ടുണ്ട്.

9. മേൽ പ്രസ്താവിച്ച സന്ദർശകർക്ക് പുറമെ 104 പേർ കൂടി മ്യൂസിയം സന്ദർശിച്ചിട്ടുണ്ട്.

## 4. വികസന പഠന വിഭാഗം

### 4.1. 2016-17 സാമ്പത്തികവർഷത്തിലെ പ്രവർത്തനങ്ങൾ

പട്ടികജാതി പട്ടികവർഗ്ഗ സമുദായങ്ങളുടെ സാമൂഹിക സാംസ്കാരിക, രാഷ്ട്രീയ സാഹചര്യങ്ങളും അവരുടെ ജീവിതത്തിലെ മറ്റ് മേഖലകളെയും ഉൾപ്പെടുത്തിക്കൊണ്ട് 2016-17 സാമ്പത്തിക വർഷം താഴെ പറയുന്ന പ്രവർത്തനങ്ങളാണ് വികസന പഠന വിഭാഗം ഏറ്റെടുത്ത് നടത്തിയത്.

1. കിർടാഡ്സ് ക്യാമ്പസിൽ 17.06.2016 ൽ 'ട്രൈബൽ ലാംഗ്വേജ് ആന്റ് ഓറൽ ലിറ്ററേചർ കളക്ഷൻ' പ്രൊജക്ടിലേക്കു വേണ്ടി തെരഞ്ഞെടുക്കപ്പെട്ടവർക്കുള്ള ശില്പശാല സംഘടിപ്പിച്ചു.
   പങ്കെടുത്തവരുടെ എണ്ണം : 25
   അനുവദിച്ച തുക : 8,49,000.00
   ചെലവായ തുക : 4,52,450.00

2. 2001, 2011 വർഷങ്ങളിലെ സെൻസസ് കണക്കുകളും 2008 ലെ കിലയുടെ പട്ടികവർഗ്ഗ സർവ്വേയിൽ കണ്ടെത്തിയ പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ജനസംഖ്യ കണക്കുകളിലൂള്ള അസന്തുലിതാവസ്ഥയെ അടിസ്ഥാനമാക്കി ആസൂത്രണ ബോർഡ് തയ്യാറാക്കി റിപ്പോർട്ടിനെ അധികരിച്ച് പഠിച്ച് തയ്യാറാക്കി ഗവേഷണ റിപ്പോർട്ട് സമർപ്പിച്ചു.

3. 2016 ഒക്ടോബർ 25 മുതൽ 28 വരെ ന്യൂഡൽഹിയിൽ സംഘടിപ്പിച്ച നാഷണൽ ട്രൈബൽ കാർണിവലിൽ കിർടാഡ്സിന്റെ നേതൃത്വത്തിൽ ആദിവാസി കലാകാരന്മാരുടെ നൃത്ത രൂപങ്ങൾ സംഘടിപ്പിച്ചു.
   പങ്കെടുത്തവരുടെ എണ്ണം : 33
   അനുവദിച്ച തുക : 2,50,000.00 (പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും അനുവദിച്ച തുക)
   ചെലവായ തുക : 2,37,882.00

4. പട്ടികവർഗ്ഗ വികസനത്തിന്റെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 2013-14 കാലഘട്ടത്തിൽ തുടങ്ങിയ ചെറുസങ്കേതങ്ങളുടെ വികസന പദ്ധതി (ഹാംലറ്റ് പദ്ധതി) പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക വികസ

നത്തിനായി സാധാരണ പട്ടികവർഗ്ഗ വിഹിതത്തിനു പുറമേ ഒരു പ്രത്യേക പാക്കേജായി 2014-15 വർഷത്തിൽ തുടങ്ങിയ എ.ന്ദി.എസ്.പി ഫണ്ട് പ്രത്യേക പാക്കേജ് തുടങ്ങിയ പദ്ധതികളുടെ വിലയിരുത്തൽ പഠനം കാസർഗോഡ്, കണ്ണൂർ വയനാട്, കോഴിക്കോട് മലപ്പുറം, പാലക്കാട്, തൃശ്ശൂർ പത്തനംതിട്ട തിരുവനന്തപുരം ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്.

5. 1961 മുതൽ 2011 വരെയുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സെൻസസ് ഡാറ്റ ക്രോഡീകരിച്ചിട്ടുണ്ട്.

6. കിർടാഡ്സിലെ റിസർച്ച് ഫോറം നവംബർ മാസത്തിൽ ഭോപ്പാൽ മ്യൂസിയം ഓഫീസറായ ഡോ. ഭാവനാ വ്യാസിന്റെയും ഒരു പ്രഭാഷണം സംഘടിപ്പിച്ചു.

7. 2017 ജനുവരി 21മുതൽ 30 വരെ തീയ്യതികളിലായി കോഴിക്കോട് ജില്ലയിലെ വളയത്ത് വെച്ച് നടന്ന 'ഗദ്ദിക-2016 – 17' ൽ വകുപ്പിന്റെ സ്റ്റാളുകളും വൈദ്യം, വംശീയ ഭക്ഷ്യമേള മരുന്നാവിക്കുളി എത്നോളജിക്കൽ മ്യൂസിയം പ്രദർശനം സംഘടിപ്പിച്ചു സംഘടിപ്പിച്ചു.

   പങ്കെടുത്തവരുടെ എണ്ണം : 34
   അനുവദിച്ച തുക : 6,80,000.00
   ചെലവായ തുക : 6,80,000.00

8. അട്ടപ്പാടിയിലെ സമൂഹ അടുക്കളയെക്കുറിച്ചുള്ള പഠന റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചു.

9. പെസ നിയമം നടപ്പിലാക്കുന്നതു സംബന്ധിച്ച് നൽകിയ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള സ്ഥിതി വിവരക്കണക്കുകൾ കില 2008, സെൻസസ് 2011 റിപ്പോർട്ടുകളെ അടിസ്ഥാനമാക്കി സമർപ്പിച്ചു.

10. വേലൻ സമുദായത്തിന്റെ ഇൻക്ലൂഷൻ/എക്സ്ക്ലൂഷൻ പഠനം സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകളുടെ അപഗ്രഥനം തയ്യാറാക്കി സമർപ്പിച്ചു.

11. റിസർച്ച്ഫോറം ജനുവരി മാസത്തിൽ റിസർച്ച് അസിസ്റ്റന്റായ മധുനാരായണൻ "മലബാറിലെ വേലൻ സമുദായം: വംശീയ പഠനം" എന്ന പ്രബന്ധം അവതരിപ്പിച്ചു.

12. റിസർച്ച് അഡ്വൈസറി കമ്മറ്റി രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചു.

## 4.2 ലിംഗ്വിസ്റ്റിക്സ് വിഭാഗം

1. ബെട്ട (വെളിച്ചം) **പണിയ** ഭാഷയുടെ കൈപുസ്തകം തയ്യാറാക്കി

   അനുവദിച്ച തുക : 2,46,000.00
   ചെലവായ തുക : 2,46,000.00

2. കാണി സമുദായക്കാരുടെ ദ്വിഭാഷ നിഘണ്ടു തയ്യാറാക്കി

   അനുവദിച്ച തുക : 2,41,000.00
   ചെലവായ തുക : 2,41,000.00

## 4.3. കിർടാഡ്സ് രചനകളുടെ പ്രകാശനം

ലിംഗ്വിസ്റ്റിക്സ് വിഭാഗത്തിനുവേണ്ടി ഡോ. ശ്യാം എസ്.കെ (റിസേർച്ച് അസിസ്റ്റന്റ്) തയ്യാറാക്കിയ കാണിഭാഷ നിഘണ്ടു, ബെട്ട (വെളിച്ചം) പണിയ ഭാഷ പഠന സഹായി ഉം പരിശീലന വിഭാഗത്തിനുവേണ്ടി ശ്രീമതി. ഇന്ദു വി മേനാൻ തയ്യാറാക്കിയ 'പ്ള്സം' (മുതുവാൻ

ഗോത്ര ഭാഷ പഠന സഹായി) ഉം ഡയറക്റ്റർ ചീഫ് എഡിറ്ററും ശ്രീമതി. മിനി പി.വി എഡിറ്ററുമായ കിർടാഡ്സിന്റെ പ്രസിദ്ധീകരണമായ ജേർണൽ ഓഫ് കിർടാഡ്സ് ഉം 25.03.2017 തീയതിക്ക് ഗോത്ര കലകളെ സംബന്ധിച്ച അന്തർ ദേശീയ സെമിനാറിൽ വെച്ച് ബഹു. ഗതാഗത വകുപ്പ് മന്ത്രി ശ്രീ. എ.കെ ശശീന്ദ്രൻ പ്രകാശനം ചെയ്തു.

## 4.4. റിസർച്ച് ഫെല്ലോഷിപ്പ്

2016-17 സാമ്പത്തിക വർഷത്തിൽ എട്ട് ജൂനിയർ റിസർച്ച് ഫെല്ലോമാരുടെ നിയമനം നടത്തിയതിൽ റിപ്പോർട്ട് വർഷാവസാനം 4 പേർ മാത്രമേ ഉള്ളൂ. ഈ വർഷം നടത്തിയ പഠനങ്ങൾ താഴെ നൽകുന്നു.

1. സാമ്പത്തിക ശീലങ്ങളും ദാരിദ്ര്യത്തിന്റെ കാരണങ്ങളും, കാസർഗോഡ് ജില്ലയിലെ കുടിയ, മേലെകുടിയ സമുദായത്തിനിടയിൽ നടത്തിയ പഠനം: ശ്രീ. കെ. ശൈലേഷ്, ജൂനിയർ റിസർച്ച് ഫെല്ലോ.
2. കേരളത്തിലെ പട്ടികവർഗ്ഗ സമുദായങ്ങളുടെ സാമ്പത്തിക ശീലങ്ങളും ദാരിദ്ര്യത്തിന്റെ കാരണങ്ങളും കാസർഗോഡ് ജില്ലയിലെ മാവിലൻ സമുദായത്തെ മുൻനിർത്തി ഒരു പഠനം: ശ്രീനിഷ. ടി.പി, ജൂനിയർ റിസർച്ച് ഫെല്ലോ
3. സാമ്പത്തിക ശീലങ്ങളും ദാരിദ്ര്യത്തിന്റെ കാരണങ്ങളും കോഴിക്കോട്, മലപ്പുറം, ജില്ലകളിലെ പണിയ സമുദായത്തിന്റെ ഇടയിൽ നടത്തിയ ഒരു പഠനം : ശ്രീമതി. ലിജിഷ.കെ, ജൂനിയർ റിസർച്ച് ഫെല്ലോ.
4. കാസർഗോഡ് ജില്ലയിലെ കൊറഗ സമുദായത്തിന്റെ സാമ്പത്തിക ശീലങ്ങളും ദാരിദ്ര്യത്തിന്റെ കാരണങ്ങളും: രസ്ന പി, ജൂനിയർ റിസർച്ച് ഫെല്ലോ.
5. Economic Behaviour and Reasons for poverty among the Adiya Community:

   Sri. Shereef CK , Junior Research Fellow.

ഫെല്ലോഷിപ്പ് ഇനത്തിൽ റിപ്പോർട്ട് വർഷം മൊത്തം 9,61,000/- രൂപ ചെലവായി.

## 4.5. കിർടാഡ്സ് ലൈബ്രറിയുടെ 2016-17 വർഷത്തെ പ്രവർത്തനങ്ങൾ

കിർടാഡ്സ് വകുപ്പിലെ ഗവേഷണ പരിശീലന ഭരണ കാര്യങ്ങൾക്ക് സഹായകമാവുന്ന രീതിയിലുള്ള പ്രവർത്തനം നടത്തുക എന്നതാണ് ലൈബ്രറിയുടെ ദൗത്യം. ഇതിനായി ഏറ്റവും പുതിയ പുസ്തകങ്ങൾ, ജേർണലുകൾ, മാസികകൾ, സി.ഡികൾ, ഗവൺമെന്റ് പ്രസിദ്ധീകരണങ്ങൾ, സെൻസസ് വാല്യങ്ങൾ, റിപ്പോർട്ടുകൾ എന്നിവ ലഭ്യമാണ്. നരവംശശാസ്ത്രം, ട്രൈബൽ പഠനങ്ങൾ, സ്റ്റാറ്റിസ്റ്റിക്സ്, വിദ്യാഭ്യാസം, ദളിത് പഠനങ്ങൾ, ചരിത്രം, ഫോക്‌ലോർ, സാമൂഹ്യപാഠം തുടങ്ങിയ വിഷയങ്ങളിലുള്ള പുസ്തകങ്ങൾ ലൈബ്രറിയിലുണ്ട്. ആറ് വിദേശ ജേർണലുകളും മൂന്ന് ഇന്ത്യൻ ജേൽണലുകളും വരുത്തുവാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. സർക്കാർ വകുപ്പുകൾ പ്രസിദ്ധീകരിക്കുന്ന മാസികകളും സൗജന്യമായി ലഭിക്കുന്നത് ലൈബ്രറിയിൽ ലഭ്യമാണ്.

കിർടാഡ്സിലെ അംഗങ്ങൾക്കു പുറമെ സ്കൂൾ, കോളേജ്, സർവ്വകലാശാല തലങ്ങളിലുള്ള വിദ്യാർത്ഥികൾ, അദ്ധ്യാപകർ, ഗവേഷകർ തുടങ്ങിയവർ തങ്ങളുടെ റഫറൻസ്, പ്രോജക്ട് ആവശ്യങ്ങൾക്കായും, ഉദ്യോഗസ്ഥർ ഔദ്യോഗിക ആവശ്യങ്ങൾക്കുമായി ലൈബ്രറി ഉപയോഗപ്പെടുത്താറുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ മേഖലകളും സമുദായങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേ

ഷണം നടത്തുന്ന കേരളത്തിലെയും, മറ്റു സംസ്ഥാനങ്ങളിലെയും, വിദേശ സ്ഥാപനങ്ങളിലെയും, സർവ്വകലാശാലകളിലെയും വിദ്യാർത്ഥികളും ഗവേഷകരും ലൈബ്രറി സന്ദർശിച്ച് ലൈബ്രറിയിലെ റഫറൻസ് സൗകര്യം പ്രയോജനപ്പെടുത്താറുണ്ട്. 2016-17 വർഷത്തിൽ 123 പേർ റഫറൻസ് സൗകര്യം ഉപയോഗിച്ചു.

റിപ്പോർട്ട് വർഷാരംഭത്തിൽ 15006 പുസ്തകങ്ങൾ സ്റ്റോക്കിൽ ഉണ്ടായിരുന്നു. വാർഷിക പർച്ചേസിൽ വാങ്ങിയ പുസ്തകങ്ങളും (508) സംഭാവയായി ലഭിച്ച 1 പുസ്തകവുമടക്കം 15515 പുസ്തകങ്ങൾ റിപ്പോർട്ട് വർഷാവസാനം ലൈബ്രറിയിലുണ്ട്. പുസ്തകങ്ങളുടെ വിശദാംശങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയും അതിന്റെ വിവരങ്ങൾ കാറ്റലോഗിൽ എഴുതിച്ചേർക്കുവാനുള്ള ജോലി പുരോഗമിച്ചു വരികയാണ്.

Scheduled Tribes of Kerala at a glance (Rs. 20/-), സമുദായനിർണ്ണയ പഠനങ്ങൾ- സീരീസ് 1 (Rs. 30/-), സമുദായനിർണ്ണയ പഠനങ്ങൾ- സീരീസ് -2 (Rs. 30/-), Anthropology of Tribal Health and Medicine in Forest Environment (Rs. 75/-), Research Publication series Vol - I (Rs. 383/-), Research Publication series Vol - II (Rs.300/-) Ethno biology of the Kurumbar of Attappadi (Rs. 125/-), Dictionary of Tribal Languages, Vol I (Rs. 125/-), Research Publication series Vol - III (Rs.200/-), Research Publication series Vol - IV (Rs. 200/-), Research Publication Series Vol - V (Rs. 300/-), Research Publication series Vol - VI (300/-) എന്നീ പ്രസിദ്ധീകരണങ്ങൾ വില്പനയ്ക്ക് ലഭ്യമാണ്. റിപ്പോർട്ട് വർഷത്തിൽ 1033/- രൂപ യുടെ (7 പ്രസിദ്ധീകരണങ്ങളുടെ) വില്പന നടത്തുകയുണ്ടായി. 2016-17 വർഷം പുസ്തകവും ജേർണലുകളും വാങ്ങാൻ 10,00,000/- രൂപ അനുവദിച്ചതിൽ 8,28,054/- രൂപ ചെലവാക്കി യിട്ടുണ്ട്.

## 5. മറ്റു പ്രവർത്തനങ്ങൾ

1. കിർടാഡ്സ് വകുപ്പിലെ ഡയറക്ടറുടെ മുറി, ടോയ്ലറ്റ് ബ്ലോക്ക്, പരിശീലന മന്ദിരം ലക്ചർഹാൾ തുടങ്ങിയവയുടെ നവീകരണത്തിനായി 24,00,000/- രൂപ പൊതുമരാമത്തു വകുപ്പിനു നൽകി.

2. കിർടാഡ്സ് വകുപ്പ് ആവശ്യത്തിനായ കമ്പ്യൂട്ടർ, യു.പി.എസ്, പ്രിന്റർ വാങ്ങുന്നതിനായി 8,85,000/- രൂപ പൊതുമരാമത്തു വകുപ്പിനു നൽകി.

3. വകുപ്പ് ആവശ്യത്തിനായി 63,000/- രൂപ ചെലവഴിച്ച് ടൂബുലാർ ബാറ്ററി വാങ്ങി

4. കിർടാഡ്സ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് Re-Wiring ചെയ്യുന്നതിന് 12,20,000/- രൂപയുടെ പ്രവൃത്തി പൊതുമരാമത്തു വകുപ്പ് പൂർത്തിയാക്കി.

5. കിർടാഡ്സ് വെബ്സൈറ്റ് Re-design ചെയ്യുന്നതിന് 1,00,000/- രൂപ സി.ഡിറ്റ് ന് നൽകി.

## 6. സാമ്പത്തിക നില

- **ഈ വകുപ്പ്** 1979 - 80 വർഷം മുതൽ 50% കേന്ദ്രസഹായ പദ്ധതിയിൽ പ്രവർത്തിക്കുന്നു. പദ്ധതിയിനത്തിലും പദ്ധതിയേതരയിനത്തിലും ഈ വകുപ്പിന്റെ ചെലവുകൾ നിർവ്വഹിക്കുവാനായി തുക വക കൊള്ളിച്ചിട്ടുണ്ട്. 2016-17 വർഷത്തിൽ പ്ലാൻ ഇനത്തിൽ

200.00 ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ 289.89 ലക്ഷം രൂപയും ബജറ്റിൽ വകയിരുത്തുകയുണ്ടായി. ഇതിനുപുറമെ ആദികലാകേന്ദ്രം പ്രവർത്തനങ്ങൾക്കായി സംസ്ഥാന പദ്ധതിയിനത്തിൽ 35.00 ലക്ഷം രുപയും വക കൊള്ളിക്കുകയുണ്ടായി. കൂടാതെ ഗ്രാന്റ്-ഇൻ എയ്ഡായി 8.49 ലക്ഷം രൂപയും കേന്ദ്രാവിഷ്കൃത പദ്ധതിയായി ലഭിച്ചിട്ടുണ്ട്. കിർടാഡ്സിന്റെ അടിസ്ഥാന സൗകര്യങ്ങൾ പ്ലാൻ ഇനത്തിൽ 0.01 ലക്ഷം രുപയും വക കൊള്ളിക്കുകയുണ്ടായി.

**2015-16** വർഷത്തെയും **2016-17** വർഷത്തെയും വകുപ്പിന്റെ ചെലവിലേയ്ക്കായി വകയിരുത്തിയതും ചെലവാക്കിയതുമായ തുകയുടെ കണക്കുകൾ താഴെ കൊടുക്കുന്നു.

**2015 - 2016 പ്ലാൻ & നോൺപ്ലാൻ ചെലവുകൾ**

**2225 - 80-001-98 (50% കേന്ദ്ര സഹായം), 2225-80-001-99** ഗവേഷണവും പരിശീലനവും പ്രത്യേകപരിപാടികളും

*(രൂപ ലക്ഷത്തിൽ)*

| ശീർഷകം | പ്ലാൻ | | നോൺ പ്ലാൻ | | ചെലവായ തുക | |
|---|---|---|---|---|---|---|
| | ബജറ്റിൽ വകയിരുത്തിയ തുക | റീ അപ്രോപ്രിയേഷന് ശേഷമുള്ള തുക | ബജറ്റിൽ വകയിരുത്തിയ തുക | റീ അപ്രോപ്രിയേഷന് ശേഷമുള്ള തുക | പ്ലാൻ | നോൺ പ്ലാൻ |
| **01--- -** ശമ്പളം (അലവൻസുകളടക്കം) | **0** | | **262.25** | **262.25** | **0** | **204.12** |
| **02 -** വേതനം | **0** | | **1.38** | **1.44** | **0** | **1.44** |
| **04 -** യാത്രാചെലവുകൾ | **2.70** | **5.20** | **1.92** | **1.92** | **5.00** | **1.52** |
| **05 -** ഓഫീസ് ചെലവുകൾ | **2.50** | **2.50** | **0.89** | **0.89** | **2.50** | **0.707** |
| **06-** വാടക,കരം, നികുതി മുതലായവ | **0** | **0** | **0.41** | **0.41** | | **0.41** |
| **21-** 1. വാഹനം വാങ്ങിക്കൽ | **0** | **0** | **0** | **0** | **0** | **0** |
| **2.** അനുകുനുപണികളും സംരക്ഷണവും | **2.40** | **2.40** | **0.25** | **0.25** | **1.04** | **0** |
| **34 -** മനു ചെലവുകൾ | **20.00** | **23.30** | **0** | **0** | **23.29** | **0** |
| **45-** പി. ഓ. എൽ | **2.50** | **2.50** | **0.10** | **0.04** | **1.71** | **0** |
| **90-** റിസർച്ച് പ്രോഗ്രാം | **62.90** | **57.10** | **0** | **0** | **54.17** | **0** |
| **91-** ട്രെയിനിംഗ് പ്രോഗ്രാം | **47.00** | **47.00** | **0** | **0** | **41.64** | **0** |
| ആകെ | **140.00** | **140.00** | **267.20** | **267.20** | **129.35** | **208.19** |

| ശീർഷകം | പ്ലാൻ | ചെലവായ |
|---|---|---|

| | | | തുക |
|---|---|---|---|
| | ബജറ്റിൽ വകയിരുത്തിയ തുക | റീ അപ്രോ പ്രിയേഷന് ശേഷമുള്ള തുക | പ്ലാൻ |
| **2225 -02 – 800 – 56** ആദികലാഗ്രാമം (പ്ലാൻ) | **35.00** | **35.00** | **34.98** |
| **2225 - 02 – 800 – 27** അടിസ്ഥാന സൗകര്യങ്ങൾ | **0.01** | **0** | **0** |
| **2225 – 80 – 001 - 96** കിർടാഡ്സ് ഓർഗനൈസിംഗ് ട്രൈബൽ ഫെസ്റ്റിവെൽ (സി.എസ്.എസ്) | **7.5** | **7.5** | **7.5** |

| ശീർഷകം | പ്ലാൻ | | ചെലവായ തുക |
|---|---|---|---|
| | ബജറ്റിൽ വകയിരുത്തിയ തുക | റീ അപ്രോ പ്രിയേഷന് ശേഷമുള്ള തുക | പ്ലാൻ |
| **2225 – 80 – 001 - 97** കിർടാഡ്സ് ഗ്രാന്റ്-ഇൻ എയ്ഡ് ടു ട്രൈബൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സി.എസ്.എസ്) | **51** | **45.45** | **45.27** |
| Unspent amount (if any) available With TRI for 2012-13 | **5.55** | | |
| **Balance** | **45.45** | | |

**2016-17 പ്ലാൻ & നോൺപ്ലാൻ ചെലവുകൾ**

| ശീർഷകം | പ്ലാൻ | | നോൺ പ്ലാൻ | | ചെലവായ തുക | |
|---|---|---|---|---|---|---|
| | ബജറ്റിൽ വകയിരുത്തിയ തുക | റീ അപ്രോ പ്രിയേഷന് ശേഷമുള്ള തുക | ബജറ്റിൽ വകയിരുത്തിയ തുക | റീ അപ്രോ പ്രിയേഷന് ശേഷമുള്ള തുക | പ്ലാൻ | നോൺ പ്ലാൻ |
| **01-** ശമ്പളം (അലവൻസുകളടക്കം) | **0** | **0** | **284.42** | **284.42** | **0** | **237.52** |
| **02 -** വേതനം | **0** | **0** | **1.60** | **1.71** | **0** | **1.70** |
| **04 -** യാത്രാചെലവുകൾ | **2.70** | **2.70** | **2.08** | **2.08** | **2.48** | **1.43** |
| **05 -** ഓഫീസ് ചെലവുകൾ | **2.50** | **2.50** | **1.01** | **1.01** | **2.48** | **0.816** |
| **06 -** വാടക,കരം,നികുതി മുതലായവ | **0** | **0** | **0.41** | **0.41** | **0** | **0.41** |
| **21-** 1. വാഹനം വാങ്ങിക്കൽ | **0** | **0** | **0.01** | **0.01** | **0** | **0** |
| 2. അനുകുനുപണികളും സംരക്ഷണവും | **2.40** | **2.40** | **0.25** | **0.25** | **1.39** | **0** |
| **34 -** മനു ചെലവുകൾ | **80** | **75.48** | **0** | **0** | **57.29** | **0** |
| **45-** പി. ഓ. എൽ | **2.50** | **2.50** | **0.11** | **0** | **2.03** | **0** |
| **90-** റിസർച്ച് പ്രോഗ്രാം | **62.90** | **62.90** | **0** | **0** | **58.80** | **0** |

| | | | | | | |
|---|---|---|---|---|---|---|
| **91- ട്രെയിനിംഗ് പ്രോഗ്രാം** | **47.00** | **47.00** | **0** | **0** | **39.76** | **0** |
| **2225 – 80 – 001 - 97**<br>കിർടാഡ്സ് ഗ്രാന്റ്-ഇൻ എയ്ഡ് ടു ട്രൈബൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്. (സി.എസ്.എസ്)<br>*(2225-80-001-98-00-34-OC എന്ന ശീർഷകത്തിൽ നിന്നും റീഅപ്രോപ്രിയേഷൻ ചെയ്തു)* | | **4.52** | | | **4.52** | |
| **ആകെ** | **200.00** | **200.00** | **289.89** | **289.89** | **168.75** | **241.88** |

| ശീർഷകം | പ്ലാൻ | | ചെലവായ തുക | റിമാർക്സ് |
|---|---|---|---|---|
| | ബജറ്റിൽ വകയിരുത്തിയ തുക | റീ അപ്രോപ്രിയേഷന് ശേഷമുള്ള തുക | പ്ലാൻ | |
| **2225 -02 – 800 – 56**<br>**ആദികലാഗ്രാമം -പ്ലാൻ** | **35.00** | **35.00** | **32.03** | |
| **2225 - 02 – 800 – 27**<br>അടിസ്ഥാന സൗകര്യങ്ങൾ | **0.01** | **0.01** | **0** | |

- ഈ വകുപ്പ് സാമ്പത്തിക സഹായം/കടം ഒന്നും തന്നെ നൽകുന്നില്ല.
- ഈ വകുപ്പിൽ ടാക്സ് / ടാക്സേതര വരുമാനങ്ങളൊന്നും തന്നെയില്ല.
- പദ്ധതിയിനത്തിൽ 50% കേന്ദ്രവിഹിതത്തിൽ പ്രവർത്തിക്കുന്ന ഈ വകുപ്പിന് 2016-17 വർഷത്തിൽ ലഭിക്കേണ്ടിയിരുന്ന കേന്ദ്രവിഹിതം രൂ. 82.115 ലക്ഷം രൂപയാണ്. പ്രസ്തുത വർഷം കേന്ദ്രവിഹിതം ലഭിച്ചിട്ടില്ല.
- കേന്ദ്രസർക്കാറിൽ(മിനിസ്ട്രി ഓഫ് ട്രൈബൽ അഫയേഴ്സ്) നിന്നും ഫണ്ട് ലഭിക്കുന്നതിനായി ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നം. 32196233829 ഉണ്ട്.
- 2016-17 സാമ്പത്തിക വർഷത്തിലെ ഈ വകുപ്പിന്റെ റീ കൺസിലേഷൻ സർട്ടിഫിക്കറ്റുകൾ മുഴുവൻ എക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചിട്ടുണ്ട്.
- 2016-17 വർഷത്തിൽ 100% സെൻട്രൽ സെക്ടർ സ്കീം പ്രകാരം 6 പരിപാടിക്ക് 73.46 ലക്ഷം രൂപ ലഭിച്ചത് പ്രസ്തുത വർഷം ചെലവാക്കാൻ സാധിക്കാത്തതുകൊണ്ട് 2017- 18 ൽ പൂർത്തീകരിക്കും.

## 7. വിവരാവകാശ നിയമം

| | | |
|---|---|---|
| പബ്ലിക് ഇൻഫോർമേഷൻ ഓഫീസർ | : | ശ്രീ. രാധാകൃഷ്ണൻ. ടി.കെ.<br>സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ<br>കിർടാഡ്സ്, കോഴിക്കോട് - 17<br>(03.06.2015 മുതൽ 13.06.2016 വരെ) |
| | : | ശ്രീ. ശരത് ചന്ദ്രൻ സി.എസ്<br>(20.06.2016 മുതൽ 20.03.2017 വരെ) |
| | : | ശ്രീ. രാജൻ എം കെ<br>അഡ്മിനിസ്ട്രേറ്റീവ് ആഫീസർ i/c<br>(21.03.2017മുതൽ) |
| അസിസ്റ്റന്റ് പബ്ലിക് ഇൻഫോർമേഷൻ ഓഫീസർ | : | ശ്രീമതി. സാലിഹ.കെ<br>ജൂനിയർ സൂപ്രണ്ട്,<br>കിർടാഡ്സ്, കോഴിക്കോട് - 17 |
| അപ്പലറ്റ് അതോറിറ്റി | : | ഡോ. ബിന്ദു. എസ്.<br>ഡയറക്ടർ<br>കിർടാഡ്സ്, കോഴിക്കോട് - 17 |

- ലഭിച്ച കേസുകൾ : 118
- തീർപ്പുകൽപിച്ച കേസുകൾ : 113
- ഒബ്ജക്റ്റ് ചെയ്ത കേസുകൾ : 2
- പിഴ ഈടാക്കിയ കേസുകൾ : ഇല്ല
- സുവോ മോട്ടോ പരസ്യപ്പെടുത്തിയത് : ഇല്ല
- സംസ്ഥാന വിവരാവകാശ കമ്മീഷൻ മുൻപാകെ തീർപ്പാകാനുള്ള കേസുകൾ : ഇല്ല
- സേവനാവകാശ നിയമപ്രകാരം ലഭിച്ച കേസുകൾ : ഇല്ല.

ഡയറക്ടർ

കിർടാഡ്സ്, കോഴിക്കോട്.